## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *162** **22.01.2014 ൽ മറുപടിക്ക്**

**ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണ ചുമതലയും**

**ചോദ്യം** **മറുപടി**

**ശ്രീ.പി.സി.വിഷ്ണുനാഥ്**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**

**ശ്രീ.കെ.മുരളീധരൻ**

**രമേശ് ചെന്നിത്തല**

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **(എ)** ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ വിശദീകരിക്കുമോ; | **(എ)** സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ഇത് കാസർഗോഡ് ജില്ലയിൽകൂടി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| **(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(ബി)** ത്വരിത ഗതിയിലുള്ള അന്വേഷണ പൂർത്തീകരണവും ഫലപ്രദമായ ക്രമസമാധാന പാലനവും ഉറപ്പു വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| **(സി)** എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് വിശദമാക്കുമോ; | **(സി)യും (ഡി)യും** ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |
| **(ഡി)** ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദാമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**